"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡ് വികസനം - ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 26/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1615/2025/LSGD തീയതി, തിരുവനന്തപുരം, 27-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 26/2008 നമ്പർ കേസിന്മേലുള്ള 31/01/2011 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി)നം. 32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/02/2025 തീയതിയിലെ എ3/1540/2012/ടിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20/05/2025 തീയതിയിലെ DCTVM/7313/2025/K-15 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. റെജി ജോസഫ് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 26/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുള്ള നാളതീകരിച്ച കണക്കുവിവരപ്പട്ടിക പ്രകാരം ടി എൽ.എ,ആർ. കേസിന്റെ ബാലൻസ് വിധിക്കടത്തുക 1,624/- രൂപ (ആയിരത്തി അറുന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ആകുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം.2574/A-1-3, 2574/A-1-1, 2574/A-1-4 എന്നിവയിൽപ്പെട്ടതും ശ്രീ.

റെജി ജോസഫിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.84 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 26/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,624/- രൂപ (ആയിരത്തി അറുന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. റെജി ജോസഫിന് '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. റെജി ജോസഫ്, റ്റി.സി.3/2017, മുളവീട്ടിൽ വീട്, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/ 368/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 30-06-2025 10:40:20

സെക്ഷൻ ഓഫീസർ